കേരള സർക്കാർ

പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്

പരിപത്രം

നമ്പർ 166/പോൾ-5/2016/പൊഭവ. തിരുവനന്തപുരം, 2016 ജൂൺ 25.

വിഷയം:—പൊതുഭരണം—പ്ലാസ്റ്റിക് ദേശീയ പതാക നിരോധനം സംബന്ധിച്ച്.

സൂചന:—1. 18-9-2015-ലെ ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ സീഡ് പോലീസ് വിദ്യാർത്ഥികളുടെ നിവേദനം.

2. 11-3-2016-ലെ 15-3-2016 പബ്ലിക് നമ്പരിലുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കത്ത്.

സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ ദേശീയ ദിനാഘോഷ വേളകളിൽ പ്ലാസ്റ്റിക് നിർമ്മിത ദേശീയ പതാക വ്യാപകമായി ഉപയോഗിക്കുകയും അലക്ഷ്യമായി വലിച്ചെറിയുകയും ചെയ്തുവരുന്നത് സൂചനയിലെ നിവേദനത്തിലൂടെയും മറ്റും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

2. ദേശീയ പതാകയുടെ പ്രാധാന്യം, ഉപയോഗം എന്നിവ സംബന്ധിച്ച് ദേശീയ ഫ്ളാഗ് കോഡിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. കമ്പിളി, പരുത്തി, ഖാദി സിൽക്ക് എന്നിവ ഉപയോഗിച്ച് കൈകൊണ്ടു നെയ്ത പതാകകൾ ഉപയോഗിക്കണമെന്നാണ് ദേശീയ ഫ്ളാഗ് കോഡിൽ നിഷ്കർഷിച്ചിരിക്കുന്നത്. എന്നാൽ വിശേഷാവസരങ്ങളിൽ പേപ്പറിൽ നിർമ്മിക്കുന്ന ദേശീയ പതാക ഉപയോഗിക്കാൻ പൊതുജനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയത് ആഘോഷശേഷം വലിച്ചെറിയാതെ ദേശീയ പതാകയുടെ പ്രാധാന്യത്തിനും മഹത്വത്തിനും അനുസൃതമായ രീതിയിൽ സ്വകാര്യമായി നിർമ്മാർജ്ജനം ചെയ്യേണ്ടതാണെന്നും ഫ്ളാഗ് കോഡിൽ വിശദമാക്കിയിട്ടുണ്ട്. [ഫ്ളാഗ് കോഡ് പാർട്ട് II, സെക്ഷൻ I 2.1 (x. xii)]

GCPT. 3/2152/2016/3,000/S-12.

ഫ്ളാഗ് കോഡ് ഓഫ് ഇന്ത്യ 2002-ലെ കർശന വ്യവസ്ഥകൾക്ക് വിരുദ്ധമായി, പ്ലാസ്റ്റിക് നിർമ്മിത ദേശീയ പതാകകൾ വിശേഷ ദിനങ്ങളിൽ അശ്രദ്ധമായി ഉപയോഗിക്കുന്നതും, അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും ദേശീയ പതാകയുടെ മഹത്വത്തിന് അനുയോജ്യമല്ലാത്ത രീതിയിൽ നശിപ്പിക്കുന്നതും The Prevention of Insults to National Honour Act, 1971 പ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. കൂടാതെ പ്ലാസ്റ്റിക് നിർമ്മിത ദേശീയ പതാകയുടെ അനിയന്ത്രിതമായ ഉപയോഗം പാരിസ്ഥിതിക നാശത്തിന് കാരണമാക്കുന്നതിനാൽ ആ നിലയ്ക്കും ശക്തമായ നിയന്ത്രണം ആവശ്യമാണ്.

3. ഇക്കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്കിൽ നിർമ്മിക്കുന്ന ദേശീയ പതാകകളുടെ ഉത്പാദനവും വിതരണവും വിൽപ്പനയും ഉപയോഗവും പ്രദർശനവും കർശനമായി നിരോധിച്ചുകൊണ്ട് ഉത്തരവാകുന്നു.

4. പ്ലാസ്റ്റിക് നിർമ്മിത ദേശീയ പതാകയുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും, ദേശീയ പതാകയുടെ പ്രാധാന്യവും മഹത്ത്വവും കണക്കിലെടുത്ത് ദേശീയ ഫ്ളാഗ് കോഡിൽ നിഷ്കർഷിക്കുന്ന രീതിയിൽ ദേശീയ പതാക ഉപയോഗിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും എല്ലാ വകുപ്പ് മേധാവികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും അതീവ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ഡോ. ഉഷ ടൈറ്റസ്,
*സെക്രട്ടറി.*

സീഡ് പോലീസ് വിദ്യാർത്ഥികൾ, ഇരിങ്ങാലക്കുട നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, ഇരിങ്ങാലക്കുട.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

ഡയറക്ടർ, വിവര പൊതുജനസമ്പർക്ക വകുപ്പ് (ദൃശ്യ-ശ്രാവ്യ അച്ചടി മാധ്യമങ്ങൾ വഴി വ്യാപക പ്രചരണം നടത്തുവാൻ).

ഓഫീസ് പകർപ്പ്/കരുതൽ ശേഖരം.

---

**കീഴെഴുത്ത് നമ്പർ:എ5/21019 /2016തീയതി 22/07/2016**

എല്ലാ സ്ഥാപന മേധാവികൾക്കും
(അറിവിനും തുടർ നടപടികൾക്കുമായി)

വെബ്സൈറ്റ് മുഖേന

ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി